മുഴുവൻ സാമ്പത്തിക ഉന്നമനം ഉണ്ടാക്കുകയാണ് പ്രധാന ലക്ഷ്യം. കൂടാതെ, കൃഷി സംസ്ക്കരണം, സേവനം, വാണിജ്യം, കാലിക പ്രാധാന്യമുള്ള മേഖലകൾ മുതലായവയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിച്ച് കേരളത്തെ ഒരു സംരംഭക സംസ്ഥാനമാക്കി മാറ്റുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക വിഭവങ്ങളുടെ ശരിയായ ഉപഭോഗത്തിനുമായി ഗ്രാമീണ മേഖലകളിൽ സൂക്ഷ്മ ചെറു സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക, പ്രാദേശിക വിഭവങ്ങളിലൂടെ മൂല്യ വർദ്ധനത്തിനായി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുക, ആഭ്യന്തര-വിദേശ നിക്ഷേപകരെ സേവന മേഖലയിലും വളർച്ച നേടിക്കൊണ്ടിരിക്കുന്ന വ്യവസായ രംഗങ്ങളായ ബയോടെക്നോളജി, നാനോ ടെക്നോളജി തുടങ്ങിയ മേഖലകളിലും ആകർഷിച്ച് മത്സരബുദ്ധിയോടെ പ്രവർത്തിക്കുന്ന ഒരു നിക്ഷേപ കേന്ദ്രമാക്കി കേരളത്തെ ഉയർത്തിക്കാട്ടുക, വിദഗ്ദ്ധരായ മാനവ വിഭവങ്ങൾക്ക് സംസ്ഥാനത്തിനകത്തുതന്നെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വ്യവസായ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുക, പൂർണ്ണമായും ഭാഗികമായും തൊഴിൽ പ്രാവീണ്യം നേടിയവർക്ക് സംസ്ഥാനത്തിനകത്തുതന്നെ വ്യാവസായിക സേവന മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് എടുത്ത് പറയത്തക്ക മറ്റു ലക്ഷ്യങ്ങൾ.

(സി) പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കേരളത്തെ മികച്ച വ്യവസായിക നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുക, സംരംഭക വികസനത്തിന് ഉത്തരവാദിത്വമുള്ള വ്യാപാര ശീലങ്ങൾ, പ്രത്യേകിച്ച് പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക വിഭവങ്ങളുടെ ശരിയായ ഉപഭോഗത്തിനുമായി ഗ്രാമീണ മേഖലകളിൽ സൂക്ഷ്മ ചെറു സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നീ കാര്യങ്ങൾ സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ വ്യവസായം തുടങ്ങുന്നതിന് വ്യവസായ നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ പരിത വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട നടപടികൾ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ കൈക്കൊള്ളുന്നതാണ്.

(ഡി) വ്യവസായ നയം അംഗീകരിച്ച് എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വ്യാവസായിക ഇടനാഴി

178 (6629) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാവസായിക ഇടനാഴി ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുതപദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുതപദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2011-ൽ കേന്ദ്ര സർക്കാരിന്റെ നാഷണൽ മാനുഫാക്ച്ചറിംഗ് പോളിസിയെ അടിസ്ഥാനമാക്കി കൊച്ചി-പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ച്ചറിംഗ് സോൺ (നിംസ്) പദ്ധതിക്ക് രൂപം നൽകിയിരുന്നു.

(ബി) ഈ പദ്ധതിയിലൂടെ നിർമ്മാണ വാണിജ്യ മേഖല രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതുവഴി വ്യവസായ വികസനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സാമ്പത്തിക-സാമൂഹിക വികസനം, തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്.

(സി) പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൊച്ചി-പാലക്കാട് നിംസ് പ്രോജക്ടിനായി 53,825 കോടി രൂപയാണ് മുടക്കുമുതൽ പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിക്കായി 5200 ഹെക്ടർ ഭൂമിയാണ് നിർദ്ദേശിക്കുന്നത്. അതിൽ 1700 ഹെക്ടർ ഭൂമി വിവിധ സർക്കാർ ഏജൻസികളുടെ കൈവശമുണ്ട്. ബാക്കി വരുന്ന 3500 ഹെക്ടർ ഭൂമി മൂന്നു ജില്ലകളിലായി (പാലക്കാട്, തൃശ്ശൂർ, എറണാകുളം) നിംസ് പദ്ധതിക്കായി ഏറ്റെടുക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

(ഡി) പദ്ധതി നടപ്പാക്കാനായി വിശദമായ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി നാലു ജില്ലകളിലായി (എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം) ഭൂമി കണ്ടെത്തി ഇത് ഏറ്റെടുക്കുന്നതിനുള്ള അനുമതിക്കായി കെ.എസ്.ഐ.ഡി.സി. സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇതിൽ മലപ്പുറം ജില്ലയിലും എറണാകുളം ജില്ലയിലെ ഒരു സ്ഥലത്തും തുടർ നടപടികൾ ജനങ്ങളുടെ എതിർപ്പുമൂലം സർക്കാർ നിർദ്ദേശിച്ച പ്രകാരം നിറുത്തിവച്ചു. മറ്റ് സ്ഥലങ്ങളിലെ ഭൂമി ഏറ്റെടുക്കൽ നടപടികൾ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ.

പൊതുമേഖലാ സ്ഥാപനങ്ങളിലെ തകർച്ച

179 (6630) ശ്രീ. എളമരം കരീം :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. സാജു പോൾ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിന്റെ ഭാഗമായാണ് തകർച്ച നേരിടുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly